TUESDAY 16-05-2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : PADMAM S** **Editor : Dr. BINU HARRIET IVAN**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/05/2023.

1. കേരള സർക്കാറിന്റെ മൂന്നാം നൂറുദിന പദ്ധതികളുടെ ഭാഗമായി AIMS പോർട്ടൽ മുഖേന 20000 കൃഷിക്കൂട്ടങ്ങളുടെ പഞ്ചായത്തുതല രജിസ്ട്രേഷൻ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനവും മൂല്യവർദ്ധനമേഖലയിലെ 1000 കൃഷിക്കൂട്ടങ്ങളുടേയും സേവനമേഖലയിലെ 200 യന്ത്രവൽകൃത കൃഷിക്കൂട്ടങ്ങളുടേയും സംസ്ഥാനതല പ്രവർത്തന ഉദ്ഘാടനവും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ഷിഫ കൺവെൻഷൻ സെന്ററിൽ വച്ച് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നതാണ്. കൃഷി വകുപ്പു മന്ത്രിപി.പ്രസാദ് പരിപാടിയുടെ അധ്യക്ഷത വഹിക്കുന്നതും കായിക, ന്യൂനപക്ഷ ക്ഷേമ, ഹജ്ജ് വിഖഫ് വകുപ്പുമന്ത്രി വി. അബ്ദുറഹിമാൻ ഉൽപന്ന പ്രദർശനം ഉദ്ഘാടനം ചെയ്യുന്നു.

2. കരപ്പുറം കാർഷിക കാഴ്ചകൾ'' പരിപാടിയോടനുബന്ധിച്ച് നടത്തുന്ന കാർഷിക സെമിനറിൽ പങ്കെടുക്കാൻ താല്പര്യം ഉള്ളവർ അതാതു കൃഷി ഭവനിലോ 9446140349 എന്ന ഫോൺ നമ്പറിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ചേർത്തല സെന്റ് മൈക്കിൽസ് കോളേജിൽ വച്ചു മെയ് 19 മുതൽ 28 വരെയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

3. ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഇന്നു മുതൽ ഈ മാസം 19 വരെ 4 മാസം മുതൽ 8 മാസം വരെ പ്രായമുള്ള പശുകിടാക്കൾ, എരുമ കിടാക്കൾ എന്നിവയ്ക്കുള്ള ബ്രൂസല്ല രോഗ പ്രതിരോധ കുത്തിവയ്പ്പ് തികച്ചും സൗജന്യമായി മൃഗസംരക്ഷണ വകുപ്പ് ജീവനക്കാർ ക്യാമ്പയിൻ പ്രകാരം നൽകി വരുന്നു രോഗ ചികിത്സ ഇല്ലാത്ത, ജന്തുക്കളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരാവുന്ന ബ്രൂസല്ല രോഗത്തിൽ നിന്നും മോചനം ലഭിക്കുന്നതിനു പ്രതിരോധം മാത്രമാണ് ഏക പോം വഴി. കർഷകർ അടുത്ത മൃഗാശുപത്രിയുമായി ബന്ധപെട്ട് പശുക്കുട്ടികളെ രോഗ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കേണ്ടതാണ്.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള അഗ്രോ സൂപ്പർ ബസാറിൽ' തെങ്ങിന്റെ കുള്ളൻ ഇനങ്ങളായ മലയൻ യെല്ലോ ഡ്വാർഫ്, മലയൻ ഗ്രീൻ ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് എത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471-2471343, 2471346 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. പനമരം ബ്ലോക്ക് പഞ്ചായത്ത് 2022-2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷാ സഞ്ചരിക്കുന്ന മൃഗാശുപത്രി പദ്ധതിയുടെ സേവനം ഇന്നു മുതൽ മെയ് 20 ശനി വരെയുള്ള ദിവസങ്ങളിൽ പുൽപള്ളി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമായിരിക്കും. പ്രവൃത്തി സമയം - രാവിലെ 10 മുതൽ വൈകീട്ട് 05 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനെയോ നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി 9074583866 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. നാളികേര വികസന ബോർഡ്, തെങ്ങിന്റെ ചങ്ങാതിക്കൂട്ടംപരിശീലനം ലഭിച്ചവർക്കായി തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു കോൾ സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. കോൾ സെന്ററിനാവശ്യമായ ഡാറ്റാബേസ് നിർമ്മിക്കുന്നതിന് വേണ്ടി വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ/കമ്പനികൾ/സൊസൈറ്റികൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷിഭവനുകൾ വഴി നാളിതുവരെ ബോർഡ് സംഘടിപ്പിച്ചിട്ടുള്ള തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിൽ പങ്കെടുത്ത് തെങ്ങ് കയറ്റം തൊഴിലായി സ്വീകരിച്ചിട്ടുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തും. താൽപര്യമുള്ള തെങ്ങിന്റെ ചങ്ങാതിമാർ വിവരങ്ങൾ നൽകുന്നതിനായി cdbpub@gmail.com എന്ന മെയിൽ ഐഡിയിലോ 0484 2376265, 2376137, 8848061240 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

7. മെയ് 20 ലോക തേനീച്ച ദിനാഘോഷത്തോടനുബന്ധിച്ച് ഫെഡറേഷൻ ഓഫ് ഇന്റിജീനസ് എപ്പികൾച്ചറിസ്റ്റിന്റെ ആഭിമുഖ്യത്തിൽ നബാർഡ്, കാനറാ ബാങ്ക്, മാരിക്കോ എന്നിവരുടെ സഹകരണത്തോടെയാണ് തിരുവനന്തപുരം വൈ എം സി എ ഹാളിൽ തേനീച്ച ദിനാഘോഷം സംഘടിപ്പിക്കുന്നു. കാർഷിക ഉത്പാദന വർദ്ധനവിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും തേനീച്ച ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ വേണ്ടി ഐക്യരാഷ്ട്ര സംഘടന മെയ് 20 ലോക തേനീച്ച ദിനമായി ആഘോഷിക്കുന്നു. കാർഷികോൽപാദന കമ്മീഷണറും കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ബി അശോക് ഐ എ എസ് ഉദ്ഘാടനവും ചെറുതേനീച്ച കോളനി വിതരണവും നിർവഹിക്കും. തേനീച്ച കൃഷിയിൽ തെങ്ങ്-റബ്ബർ വൃക്ഷങ്ങളുടെ പ്രാധാന്യം- മുഖാമുഖം, തേനീച്ച വളർത്തൽ സാധ്യതകൾ, പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയെ അധികരിച്ചുള്ള കർഷകർ സാങ്കേതികവിദഗ്ധർ എന്നിവരുടെ സംവാദവും ഉണ്ടാകും. കർഷകർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നതിനായി 9446558462, 6238613388 എന്നീ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

8. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് മെയ് 19 ന് തീയതി പാലും പരുശുദ്ധിയും കർഷകർ അറിയേണ്ടതെല്ലാം എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ മെയ് 18 നു വൈകിട്ട് 5 മണിയ്ക്കു മുമ്പായി നേരിട്ടോ, 0471- 2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 2440911 മേൽവിലാസം: ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ. തിരുവനന്തപുരം - 695004. ഇമെയിൽ ഐ ഡി: principaldtctvm@gmail.com പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ijq-mmgh-kse

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 18 ന് രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491-2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ മെയ് 17, 18 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.